## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2079 18/03/2015-ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി. വാങ്ങിയ മെക്കാനിക്കൽ/ ഇലക്ട്രോണിക് മീറ്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും കെ.എസ്.ഇ.ബി. ഏതെല്ലാം സ്ഥാപനങ്ങളുടെ മെക്കാനിക്കൽ/ ഇലക്ട്രോണിക് മീറ്ററുകളാണ് വാങ്ങി ഉപയോഗിക്കുന്നത് എന്നും ഇവ ഓരോന്നിനും എന്തു വില നൽകി യാണ് വാങ്ങുന്നത് എന്നും എത്ര യെണ്ണം ഇത്തരത്തിൽ വാങ്ങി യെന്നും ഈയിനത്തിൽ ചെലവായ തുക എത്രയെന്നും കമ്പനി തിരിച്ച്/ വർഷം തിരിച്ച്/ഇനം തിരിച്ച് വിശ ദാംശം ലഭ്യമാക്കുമോ; | (എ) അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) ഇത്തരത്തിൽ വാങ്ങിയ മെക്കാനി ക്കൽ/ഇലക്ട്രോണിക് മീറ്ററുകളിൽ തകരാറിലായതും ഉപയോഗശൂന്യ മായതും എത്രയെന്ന് സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) അനുബന്ധം.2 ആയി ചേർക്കുന്നു. |
| (സി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോ ക്താക്കൾ ഉപയോഗിക്കുന്ന മീറ്റ റുകളിൽ കേടായ മീറ്ററുകൾ എത്ര; ഇവയിൽ നാളിതുവരെ എത്രയെണ്ണം മാറ്റി നൽകി; ഇനി എത്രയെണ്ണം മാറ്റി നൽകുവാനുണ്ട്; വിശദമാ ക്കുമോ; | (സി) 28.02.2015 ലെ കണക്കുകൾ പ്രകാരം 7,56,775 കേടായ മീറ്ററുകൾ ഉണ്ട്. ഈ സാമ്പത്തിക വർഷം (28.02.2015) വരെ 6,11,133 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 1,45,642 എണ്ണം മാറ്റി നൽകാനുണ്ട്. |

. . . 2

| | |
|---|---|
| (ഡി) ഇതുമൂലം വൈദ്യുതി ബോർഡിന് പ്രതിവർഷം എത്ര തുക നഷ്ടമുണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ഡി) നിലവിൽ, ഇങ്ങനെയുണ്ടാകുന്ന നഷ്ടം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല. കേടായ മീറ്ററുകളിൽ നിന്നും ഉപഭോഗം അറിയുവാൻ കഴിയാത്തതിനാൽ ഉപഭോക്താവിന്റെ ആവറേജ് ഉപയോഗത്തിനനുസൃതമായി ബില്ല് ചെയ്തു വരുന്നു. |
| (ഇ) പൊതു/സ്വകാര്യ കമ്പനികളിൽ നിന്നും മീറ്ററുകൾ വാങ്ങുമ്പോൾ മീറ്ററുകളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; എങ്കിൽ ഇതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം; വ്യക്തമാക്കുമോ; | (ഇ) പൊതു/സ്വകാര്യ കമ്പനികളിൽ നിന്നും മീറ്ററുകൾ വാങ്ങുമ്പോൾ ഗുണനിലവാര പരിശോധന നടത്താറുണ്ട്.<br>സിംഗിൾ ഫേസ് മീറ്ററുകളുടെ ദർഘാസിൽ പങ്കെടുക്കുന്നവർ പൂരിപ്പിച്ച ദർഘാസിനോടൊപ്പം സാംപിൾ മീറ്ററുകൾ കൂടി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാംപിൾ മീറ്ററുകൾ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി.പി.ആർ.ഐ യിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ടി.എം.ആർ കളിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ടി.എം.ആർ ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയിലെ ഉദ്യോഗസ്ഥരാണ് പരിശോധന നടത്തുന്നത്. മേൽ പറഞ്ഞ പരിശോധനകൾ 'ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് ' നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടത്തുന്നത്.<br>ത്രീ ഫേസ് മീറ്ററുകൾ താരതമ്യേന കുറവായതിനാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ റ്റി.എം.ആർ ലാബിൽ തന്നെയാണ് പരിശോധന നടത്താറുള്ളത്. |
| (എഫ്) മീറ്ററുകൾ വാങ്ങുമ്പോൾ ഗ്യാറന്റി/വാറന്റി സമയം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എഫ്) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങുന്ന മീറ്ററുകൾ അഞ്ചു വർഷം ഗ്യാരണ്ടിയുള്ളവയാണ്. മീറ്ററുകൾ പർച്ചേസ് ഓർഡറിൽ നിർദ്ദേശിച്ചിട്ടുള്ള ഗ്യാരണ്ടി |

പീരിയഡിനകത്ത് തകരാറിലാവുന്നുണ്ടെങ്കിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാതെ കേടായ മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ തരുവാൻ കമ്പനി ബാധ്യസ്ഥരാണ്. ഇത്തരത്തിൽ കേടാവുന്ന മീറ്ററുകൾ സ്ഥിരമായി കമ്പനികളുടെ ചെലവിൽ മാറ്റി വാങ്ങാറുണ്ട്.

(ജി) നിലവിൽ സംസ്ഥാനത്താകമാനം എത്ര മെക്കാനിക്കൽ മീറ്റർ ഉപയോഗിക്കുന്നുവെന്നും എത്ര ഇലക്ട്രോണിക് മീറ്റർ ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുമോ ; ഇത്തരം മീറ്ററുകളിലെ കൃത്രിമം സംബന്ധിച്ച് കെ.എസ്.ഇ.ബി. വിജിലൻസ് വിഭാഗം എന്തെല്ലാം കാര്യങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ആയതിൻപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

(ജി) നിലവിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ 17,66,352 എണ്ണം മെക്കാനിക്കൽ മീറ്ററുകളും 95,80,070 എണ്ണം ഇലക്ട്രോണിക് മീറ്ററുകളും ഉണ്ട്. ഉപഭോക്താവിന്റെ മീറ്ററിലെ കൃത്രിമം തിരിച്ചറിയാൻ സംവിധാനമുള്ള ഇലക്ട്രോണിക് എനർജി മീറ്ററുകൾ ബോർഡ് സ്ഥാപിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - 1</u>

## I. സിംഗിൾ ഫേസ് സ്റ്റാറ്റിക് മീറ്റർ

| വർഷം | എണ്ണം | ഒന്നിന്റെ വില (₹) | കമ്പനി | ആകെ തുക (₹) |
|---|---|---|---|---|
| 2011-12 | 8,00,000 | 665.32 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 53,22,56,000/- |
| 2013-14 | 12,00,000 | 691.50 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 82,98,00,000/- |
| | 21,946 | 691.50 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 1,51,75,659/- |
| | 2,78,054 | 691.50 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 19,22,74,341/- |
| | 2300000 | | | 1,56,95,06,000/- |
| 2014-15 | 3,60,000 | 639.57 | M/s ജെനസ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ജയ് പൂർ | 23,02,45,200/- |
| | 60,000 | 639.57 | M/s ലിങ്ക് വെൽ ടെലിസിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ് | 3,83,74,200 |
| | 8,40,000 | 639.57 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 53,72,38,800/- |

## II. ത്രീ ഫേസ് സ്റ്റാറ്റിക് മീറ്റർ

| വർഷം | എണ്ണം | ഒന്നിന്റെ വില (₹) | കമ്പനി | ആകെ തുക (₹) |
|---|---|---|---|---|
| 2011-12 | 17500 | 2,212.29 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 3,87,15,075/- |
| 2012-13 | 7500 | 2,212.29 | M/s സെക്യൂർ മീറ്റേഴ്സ് ലിമിറ്റഡ്, ബംഗ്ലൂർ | 3,83,14,516/- |
| | 10433 | 2,082.08 | M/s സെക്യൂർ മീറ്റേഴ്സ് ലിമിറ്റഡ്, ബംഗ്ലൂർ | |
| | 18700 | 2,082.08 | M/s എംകോ ലിമിറ്റഡ്, താനെ | 3,89,34,896/- |
| | 10434 | 2,082.08 | M/s ലാൻഡിസ് + ഗിർ, കൊൽക്കത്ത | 2,17,24,423/- |
| | 10433 | 2,082.08 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 2,17,22,341/- |
| 2013-14 | 14175 | 2,082.08 | M/s എംകോ ലിമിറ്റഡ്, താനെ | 2,95,13,484/- |

| | | | | |
|---|---|---|---|---|
| | 2609 | 2,082.08 | M/s ലാൻഡിസ് + ഗിർ, കൊൽക്കത്ത | 54,32,147/- |
| | 2608 | 2,082.08 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 54,30,065/- |
| | 2608 | 2,082.08 | M/s സെക്യൂർ മീറ്റർസ് ലിമിറ്റഡ്, ബംഗ്ലൂർ | 54,30,065/- |
| 2014-15 | 65625 | 1,794/- | M/s ജെനസ് പവ്വർ ഇൻഫ്രാസ്ടക്ചർ ലിമിറ്റഡ്, ജയ് പൂർ | 11,77,31,250/- |
| | 28125 | 1,794/- | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 5,04,56,250/- |

## III. എൽറ്റിസിറ്റി മീറ്റർ

| വർഷം | എണ്ണം | ഒന്നിന്റെ വില (₹) | കമ്പനി | ആകെ തുക (₹) |
|---|---|---|---|---|
| 2011-12 | 1250 | 3,126/- | M/s സെക്യൂർ മീറ്റർസ് ലിമിറ്റഡ്, ബംഗ്ലൂർ | 39,07,500/- |
| 2013-14 | 6250 | 2,440.53 | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 1,52,53,313/- |
| 2014-15 | 1350 | 2,244/- | M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 30,29,400/- |
| | 3150 | 2,244/- | M/s ജെനസ് പവ്വർ ഇൻഫ്രാസ്ടക്ചർ ലിമിറ്റഡ്, ജയ് പൂർ | 70,68,600/- |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 2

### I. സിംഗിൾ ഫേസ് സ്റ്റാറ്റിക് മീറ്റർ

| സ്ഥാപനം | കേടായ മീറ്ററുകളുടെ എണ്ണം | മീറ്ററുകൾ സപ്ലൈ ചെയ്ത എണ്ണം | സപ്ലൈ തുടങ്ങിയത് |
|---|---|---|---|
| M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 96679 | 31,40,000 | 3/12 മുതൽ |
| M/s ജെനസ് പവ്വർ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ജയ്പൂർ | - | 2,30,000 | 11/2014 മുതൽ |
| M/s ലിങ്ക് വെൽ ടെലിസിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ് | 1 | 60,000 | 11/2014 മുതൽ |

M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡിന്റെ കേടായ മീറ്ററുകളിൽ ഒരു ലോട്ടിൽ LED display യ്ക്കുണ്ടായ തകരാറു മൂലം കമ്പനി ചെലവിൽ മാറ്റി വച്ചുകൊണ്ടിരിയ്ക്കുന്നതുമായ മീറ്ററുകളും ഉൾപ്പെടും. കേടായ മീറ്ററുകൾ മാറ്റി വച്ച ശേഷം TMR കളിൽ തിരികെ നൽകുമ്പോൾ ഇനം തിരിച്ച് കണക്കെടുത്ത് ഗ്യാരന്റിയുള്ളവ കമ്പനികളുടെ ചെലവിൽ മാറ്റി വാങ്ങുകയാണ് ചെയ്യുന്നത്. മാറ്റി വെയ്ക്കാനുള്ള കേടായ മീറ്ററുകളുടെ ഇനം തിരിച്ച കണക്ക് അവ മാറ്റി വയ്ക്കുന്ന മുറയ്ക്ക് മാത്രമെ ലഭ്യമാവുകയുള്ളു.

### II. ത്രീ ഫേസ് സ്റ്റാറ്റിക് മീറ്റർ

| സ്ഥാപനം | കേടായ മീറ്ററുകളുടെ എണ്ണം | മീറ്ററുകൾ സപ്ലൈ ചെയ്ത എണ്ണം |
|---|---|---|
| M/s സെക്യൂർ മീറ്റേഴ്സ് ലിമിറ്റഡ്, ബംഗ്ലൂർ | 134 | 20541 |
| M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 180 | 58666 |
| M/s എംകോ ലിമിറ്റഡ്, താനെ | 1304 | 32875 |
| M/s ലാൻഡിസ് + ഗിർ, കൊൽക്കത്ത | 406 | 13043 |
| M/s ജെനസ് പവ്വർ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, ജയ് പൂർ | 9 | 65625 |

## III. എൽട്രിസിറ്റി മീറ്റർ

| സ്ഥാപനം | കേടായ മീറ്ററുകളുടെ എണ്ണം | സപ്ലൈ ചെയ്ത മീറ്റർ |
|---|---|---|
| M/s സെക്യൂർ മീറ്റർസ് ലിമിറ്റഡ്, ബംഗ്ലൂർ | 27 | 6250 |
| M/s ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് ചെന്നൈ | 46 | 7600 |
| M/s ജെനസ് പവ്വർ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, ജയ് പൂർ | 5 | 3150 |

ഈ കാലയളവിൽ മെക്കാനിക്കൽ മീറ്ററുകൾ വാങ്ങിയിട്ടില്ല.

സെക്ഷൻ ഓഫീസർ